## പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (2016–2020)

പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (2016–2020) അഥവാ PMKVY 2.0 2016–2020 എന്നത് PMKVY 2015-2016-ന്റെ പുതുക്കിയ പതിപ്പാണ്. സൃഷ്ടിപരമായ നൈപുണ്യ പരിശീലനം ലക്ഷ്യമാക്കി കേന്ദ്ര നൈപുണ്യവികസന, സംരഭകത്വ മന്ത്രാലയം നടപ്പാക്കുന്ന പ്രമുഖ പദ്ധതിയാണ് ഇത്. തൊഴിലും വരുമാനമാർഗവും നേടാൻ രാജ്യത്തെ അനേകലക്ഷം യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് വിവിധതരം നൈപുണ്യാധിഷ്ഠിത സർട്ടിഫിക്കറ്റുകൾ പ്രസ്തുത പദ്ധതി നൽകിവരുന്നു.

കേന്ദ്രസർക്കാർ തന്നെ സ്പോൺസർ ചെയ്ത് നടപ്പാക്കുന്നതും (CSCM) കേന്ദ്രസർക്കാരിന്റെ സ്പോൺസർഷിപ്പോടെ സംസ്ഥാനസർക്കാർ നടപ്പാക്കുന്നതും (CSSM) എന്നിങ്ങനെ രണ്ട് പ്രധാന ഘടകങ്ങളാണ് പി എം കെ വി വൈ 2.0 എന്ന പുതിയ പതിപ്പിലുള്ളത്. ആവശ്യമായ തുകയുടെ 75% ദേശീയ നൈപുണ്യ വികസന കോർപറേഷൻ (National Skill Development Corporation - NSDC) മുഖാന്തിരം പദ്ധതി നടപ്പാക്കുന്ന CSCM ഘടകത്തിനും 25% സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലുള്ള CSSM ഘടകത്തിനും ലഭിക്കും. സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് അഥവാ 'കേസ്' (KASE)ആണ് കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട സ്ഥാപനം.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

പദ്ധതിലക്ഷ്യങ്ങൾ ഇനിപ്പറയുന്നു:

- പൊതു മാനദണ്ഡ മാർഗനിർദ്ദേശങ്ങൾക്ക് (Common Norms Guidelines) വിധേയമായി രാജ്യത്തെ യുവജനങ്ങൾക്കെല്ലാം നൈപുണ്യവികസനം ലഭിക്കാൻ ആവശ്യമായ പ്രോത്സാഹനങ്ങളും പിന്തുണയും നൽകുക
- തൊഴിൽ നേടാനും ഉപജീവനമാർഗ്ഗം കണ്ടെത്താനും ഉപകാരപ്രദമായതും ഗുണമേന്മയുള്ളതുമായ വ്യവസായാധിഷ്ഠിത പരിശീലനങ്ങൾ നേടുന്നതിന് യുവാക്കളെ അണിചേർക്കുക
- രാജ്യത്തിന്റെ ഇന്നത്തെ ആവശ്യങ്ങൾക്ക് ഉപകരിക്കും വിധം നിലവിലുള്ള തൊഴിലാളിസമൂഹത്തിന്റെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിന് ഉചിതമായ പരിശീലനം നൽകുക
- നൈപുണ്യശേഷി സംബന്ധിച്ച അംഗീകാരപത്രം നൽകുന്ന നടപടിക്രമങ്ങൾ ക്രമീകൃതമാക്കുകയും ബൃഹത്തായ ഒരു നൈപുണ്യവിവരശേഖരം നിർമിക്കുന്നതിനുള്ള അടിസ്ഥാനം സൃഷ്ടിക്കുകയും ചെയ്യുക

- പദ്ധതിയിലൂടെ 2016 മുതൽ 2020 വരെ നാലുവർഷക്കാലത്തിനുള്ളിൽ 10 ദശലക്ഷം യുവാക്കൾക്ക് പ്രയോജനം ലഭ്യമാക്കുക

**PMKVY 2.0-ന്റെ ഘടകങ്ങൾ:**

ഇനിപ്പറയുന്നവയാണ് പി.എം.കെ.വി.വൈ 2.0ന്റെ ഘടകങ്ങൾ:

1. ഹ്രസ്വകാല പരിശീലനം (Short Term Training)
2. ആർജ്ജിത വിജ്ഞാനം (Prior Learning)
3. പ്രത്യേക പദ്ധതികൾ (Special Projects)

നിലവിൽ **ഹ്രസ്വകാല പരിശീലനം** (Short term Training) സംബന്ധിച്ച ചുമതല മാത്രമേ സംസ്ഥാന നൈപുണ്യ വികസന മിഷനുകളിൽ നിക്ഷിപ്തമായിട്ടുള്ളൂ.

**ഹ്രസ്വകാല പരിശീലനം (Short Term Training):**

സ്കൂൾ/കോളെജ് പഠനം വഴിമധ്യേ ഉപേക്ഷിക്കേണ്ടിവന്നവരും തൊഴിൽരഹിതരുമായ ഇന്ത്യൻ പൗരന്മാർക്ക് പ്രയോജനപ്പെടണമെന്ന ലക്ഷ്യത്തോടെയാണ് PMKVY പരിശീലനകേന്ദ്രങ്ങളിലൂടെ ഹ്രസ്വകാല പരിശീലനങ്ങൾ (Short Term Training) ആവിഷ്കരിച്ച് നൽകുന്നത്. ദേശീയ നൈപുണ്യയോഗ്യതാ ചട്ടക്കൂട് (National Skills Qualification Framework) നിഷ്കർഷിക്കുന്ന പരിശീലനങ്ങൾക്ക് പുറമെ അനൗപചാരിക നൈപുണ്യങ്ങൾ (Soft Skills), സംരഭകത്വം, സാമ്പത്തിക-ഡിജിറ്റൽ സാക്ഷരത എന്നിവയിലും മതിയായ പരിശീലനം പരിശീലനകേന്ദ്രങ്ങൾ നൽകണം. ഓരോ തൊഴിലിനും അനുസൃതമായി പരിശീലന കാലാവധി 150 മുതൽ 300 മണിക്കൂർ വരെയാകാം. യോഗ്യതാനിർണയം വിജകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് പരിശീലനപങ്കാളിത്ത സ്ഥാപനങ്ങളുടെ (Training Partners) സഹായത്തോടെ തൊഴിൽനേടാൻ സഹായമൊരുക്കണം. PMKVY പ്രകാരം പരിശീലനത്തിനും (Training) യോഗ്യതാനിർണയത്തിനും (Assessment) വേണ്ടിവരുന്ന എല്ലാ ചെലവുകളും സർക്കാർ വഹിക്കും. പരിശീലന പങ്കാളിത്ത സ്ഥാപനങ്ങൾക്ക് ചെലവാകുന്ന തുക നൽകുന്നത് പൊതു മാനദണ്ഡങ്ങൾക്ക് (Common Norms) വിധേയമായിട്ടായിരിക്കും. ദേശീയ നൈപുണ്യയോഗ്യതാ ചട്ടക്കൂട് (NSQF Framework) പ്രകാരമുള്ള ലെവൽ 5ഓ അതിൽ താഴെയോ ഉള്ള കോഴ്സുകൾ പഠിക്കാൻ PMKVY യുടെ ഹ്രസ്വകാല പരിശീലനത്തിലൂടെ കഴിയും.

**ലക്ഷ്യമിടുന്ന ഗുണഭോക്താക്കൾ**

മേൽപറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് PMKVY 2.0-ന്റെ ഗുണഭോക്താക്കളായി ചുവടെ പറയുന്ന വിഭാഗങ്ങളിൽ പെടുന്ന എല്ലാ ഇന്ത്യൻ പൗരന്മാരെയും ഉൾപ്പെടുത്താം:

- തൊഴിൽരിതരായ യുവാക്കൾ, സ്കൂൾ/കോളെജ് പഠനം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചവർ
- ആധാർകാർഡും ബാങ്ക് അക്കൗണ്ടും സ്വന്തമായുള്ളവർ
- പാൻ കാർഡ്, വോട്ടർ തിരിച്ചറിയൽ കാർഡ് തുടങ്ങി പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയുന്ന മറ്റ് തിരിച്ചറിയൽ രേഖകൾ കൈവശമുള്ളവർ (വടക്കു കിഴക്കൻ മേഖലയ്ക്കും ജമ്മു കാശ്മീരിനും മാത്രമാണ് ഇത് ബാധകം. കൂടുതൽ തിരിച്ചറിയൽ രേഖകൾ യഥാസമയം ഉൾപ്പെടുത്തുന്നതുമാണ്. കേരളത്തിൽ ആധാർകാർഡ് മാത്രമാണ് സ്വീകാര്യം)
- എസ്.എസ്.സി. എന്ന സെക്ടർ സ്കിൽ കൗൺസിലുകൾ (Sector Skill Councils - SSCs) ഓരോ തൊഴിലിനും നിർദ്ദേശിക്കുന്ന മറ്റ് മാനദണ്ഡങ്ങൾ
- പഠനം നിർത്തിയവരെ ഉദ്ദേശിച്ചുള്ള പരിശീലന പരിപാടി ആയതിനാൽ കോളെജ് വിദ്യാർത്ഥികൾക്ക് പേരു ചേർക്കാൻ അനുവാദമില്ല
- കോർപറേറ്റുകൾ, വ്യവസായശാലകൾ എന്നിവയുടെ സ്ഥിരം/ദിവസക്കൂലി തൊഴിലാളികൾക്കും ഈ പരിശീലനത്തിന് ചേരാൻ അർഹതയില്ല
- പൊതുമേഖലകൾ തമ്മിലോ പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിലോ സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പാക്കാം.

**പൊതു മാനദണ്ഡങ്ങൾ (Common Norms)**

നിശ്ചിത പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായിട്ടുള്ള പദ്ധതിയാണ് PMKVY 2.0. കാലോചിതമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതുമാണ്.

ഒഴിവാക്കൽ പോലുള്ള തീരുമാനങ്ങൾ ആവശ്യമായിവരുന്ന പക്ഷം അത് പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് അനുവദിക്കേണ്ടത്.

പൊതുമാനദണ്ഡങ്ങളും ഭേദഗതികളും കേന്ദ്ര നൈപുണ്യവികസന സംരഭകത്വ മന്ത്രാലയത്തിന്റെ http://www.skilldevelopment.gov.in/notification.html എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

**ബ്രാൻഡിങ് പ്രചാരണം**

ബ്രാൻഡിങ് ഗൈഡ്ലൈൻസ് (PMKVY Branding Guidelines) എന്ന മാർഗനിർദ്ദേശരേഖയ്ക്കു വിധേയമായിട്ടാണ് പരിശീലനകേന്ദ്രങ്ങൾ തങ്ങളുടെ പരസ്യപ്രചാരണങ്ങൾ ചെയ്യേണ്ടത്. ബ്രാൻഡിങ്, വിളംബരങ്ങൾ, ആശയവിനിമയങ്ങൾ എന്നിവ സംബന്ധിച്ച് www.pmkvyofficial.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പരിശീലനദാതാക്കൾ (Training Providers) പാലിക്കേണ്ടതാണ്. ബ്രാൻഡിങ്ങിനും പ്രചാരണങ്ങൾക്കും ആശയവിനിമയത്തിനും

ആവശ്യമായ ഇതരസാമഗ്രികളെല്ലാം പരിശീലനദാതാക്കൾ സ്വയം തയ്യാറാക്കേണ്ടതാണ്. മാർഗനിർദ്ദേശങ്ങളുടെ പാലനം സംസ്ഥാന നൈപുണ്യ വികസന മിഷനുകൾ ഉറപ്പാക്കണം. ചുവടെ പറയുന്ന മാധ്യമങ്ങളിലൂടെ PMKVY 2.0-ക്കു കീഴിലുള്ള പദ്ധതികളെ സംബന്ധിച്ച് പരസ്യപ്രചരണങ്ങൾ നിർവഹിക്കാം:

അച്ചടി മാധ്യമങ്ങൾ – പരസ്യങ്ങൾ, ചിത്രങ്ങൾ, വാർത്താക്കുറിപ്പുകൾ എന്നിവ നൽകിക്കൊണ്ട് പ്രാദേശിക ദിനപത്രങ്ങളിലൂടെയുള്ള പ്രചാരം

പുറംവാതിൽ പരസ്യങ്ങൾ (Outdoor Advertising) – ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ചുമരെഴുത്തുകൾ, പരസ്യപ്പലകകൾ, പോസ്റ്ററുകൾ എന്നിവ മുഖാന്തിരം

ഇലക്ട്രോണിക് മീഡിയ – എസ്. എം. എസ്., വാട്ട്സ്ആപ് സന്ദേശങ്ങൾ എന്നിവയിലൂടെയും ഫെയ്സ്ബുക്, യൂട്യൂബ്, ട്വിറ്റർ, എന്നിവയിൽ ചിത്രങ്ങൾ, വീഡിയോകൾ എന്നിവ പ്രദർശിപ്പിച്ചും ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC), പി.എം.കെ.വി.വൈ. 2.0, എസ്.എസ്.സി., വാണിജ്യ സംഘടനകൾ എന്നിവയുടെ വെബ്സൈറ്റുകൾ മുഖേനയും

പ്രാദേശിക, കമ്മ്യൂണിറ്റി റേഡിയോ സംപ്രേക്ഷണങ്ങൾ

**പരിശീലനകേന്ദ്രത്തിന് അംഗീകാരവും അഫിലിയേഷനും**

PMKVY അംഗീകാരം സംബന്ധിച്ച നിബന്ധനകൾ (PMKVY Guideline for Accreditation), അഫിലിയേഷൻ, തുടർച്ചയായ നിരീക്ഷണം (Affiliation and Continuous Monitoring of TCs) എന്നിവക്ക് ഓരോ പരിശീലനകേന്ദ്രവും വിധേയമായിരിക്കും.

സ്മാർട്ട് നടപടിക്രമം (SMART Process): പരിശീലന കേന്ദ്രങ്ങളുടെ അംഗീകാരം, അഫിലിയേഷൻ, തുടർച്ചയായ നിരീക്ഷണം എന്നിവ ലളിതവും കാര്യക്ഷമവുമായി നടത്താൻ സഹായിക്കുന്ന ഒരു ഐ.ടി. അധിഷ്ഠിത ഏകജാലക സംവിധാനമാണ് സ്മാർട്ട് (SMART). ഇതിന്റെ വിശദാംശങ്ങൾ, അംഗീകാരത്തിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ, ഗ്രേഡിംഗിന്റെ അളവുകോൽ, സെന്റർ അക്രെഡിറ്റേഷൻ ആൻഡ് അഫിലിയേഷൻ സംബന്ധിച്ച മാതൃകാ ഫോം (CAAF) എന്നിവ www.smartnsdc.org എന്ന വെബ്സൈറ്റിൽ Knowledge bank എന്ന വിഭാഗത്തിൽ ലഭ്യമാണ്.

**ടാർഗറ്റ് അനുവദിക്കൽ**

കാലാനുസൃതമായ വിലയിരുത്തലിന് വിധേയമായാണ് ദീർഘകാല ടാർഗറ്റുകൾ പരിശീലന കേന്ദ്രങ്ങൾക്ക് അനുവദിക്കുക. സെന്റർ അക്രഡിറ്റേഷൻ ആന്റ് അഫിലിയേഷൻ കമ്മിറ്റി (Centre Accreditation and Affiliation Committee) നൽകുന്ന നക്ഷത്രചിഹ്നങ്ങളുടെ (Star Grading) അടിസ്ഥാനത്തിലാണ് ടാർഗറ്റ് അനുവദിക്കാറുള്ളത്. പരിശീലനമേന്മ, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, പരിശീലനശേഷി, സ്വന്തം സ്ഥാപനമാണോ ഫ്രാഞ്ചൈസിയാണോ എന്നുള്ളത്, മുൻകാല പ്രകടനം, ഭൂമിശാസ്ത്രപരമായ സ്ഥാനം എന്നിവയും ബന്ധപ്പെട്ട മറ്റു ഘടകങ്ങളും ഗ്രേഡിങ്ങിന് പരിഗണിക്കാറുണ്ട്. ടാർഗറ്റ് അനുവദിക്കുമ്പോൾ

സംസ്ഥാന-ജില്ലാതലങ്ങളിൽ കണക്കാക്കിയിട്ടുള്ള നൈപുണ്യന്യൂനതയ്ക്ക് (Skill Gap) മുൻഗണന നൽകിയിരിക്കണം.

പദ്ധതിയാവശ്യങ്ങൾക്ക് വിധേയമായി ടാർഗറ്റ് അനുവദിക്കുന്ന പ്രക്രിയയിൽ മാറ്റങ്ങളുണ്ടാവാം.

**ഗുണഭോക്തൃ സമാഹരണം (Mobilization)**

പരിശീലനകേന്ദ്രങ്ങൾക്ക് തങ്ങളുടെ ജില്ലയിലെമ്പാടും പലതരം ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാം. ഭവനസന്ദർശനം, വാഹനപ്രചാരണം, പ്രാദേശിക സംഘടനകൾ, അവയുടെ നേതൃത്വം, സാമൂഹികസംഘടനകൾ എന്നിവയുമായുള്ള ആശയവിനിമയം എന്നിവയൊക്കെ പ്രചാരണപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താം.

എല്ലാ ജനസമ്പർക്ക പരിപാടികളുടെയും ആത്യന്തികലക്ഷ്യം സ്കൂൾപഠനം ഉപേക്ഷിച്ചവരെയും കോളേജ് പഠനം മതിയാക്കിയ ബിരുദരഹിതരെയും കണ്ടെത്തുക എന്നതാവണം.

വിദ്യാർത്ഥികളുടെ കൂട്ടത്തോടെയുള്ള പേരുചേർക്കൽ പാടില്ല.

കൗശൽ റോസ്ഗാർ മേള മാർഗനിർദേശങ്ങൾക്ക് (Kaushal and Rozgar Mela Guidelines) വിധേയമായി സംസ്ഥാന/പ്രാദേശിക പ്രതിനിധികളുമായി സഹകരിച്ചുകൊണ്ട് കൗശൽ മേളകളെന്ന പേരിൽ ഗുണഭോക്തൃ സമാഹരണ ക്യാമ്പുകളും (Mobilization Camps) റോസ്ഗാർ മേള എന്ന പേരിൽ തൊഴിൽ മേളകളും ആറുമാസത്തിൽ ഒരിക്കലെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.

PMKVY ബ്രാൻഡിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ നിബന്ധനകൾ പാലിച്ചുകൊണ്ട് അച്ചടി മാധ്യമങ്ങൾ, പുറംവാതിൽ മാധ്യമങ്ങൾ (Outdoor Media), ഡിജിറ്റൽ മാധ്യമങ്ങൾ എന്നിവയിലെല്ലാം ഗുണഭോക്തൃസമാഹരണ പരിപാടികൾ വേണ്ടത്ര പ്രതിഫലിക്കുന്നുണ്ടെന്ന് പരിശീലനകേന്ദ്രങ്ങൾ ഉറപ്പാക്കണം.

**പേര് ചേർക്കൽ, പരിശീലനം, പാഠ്യപദ്ധതി**

- ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (National Skill Qualification Framework) അനുസൃതമായിട്ടാണ് പരിശീലനം നൽകേണ്ടത്
- പേര് ചേർക്കുമ്പോൾ പരിശീലനാർത്ഥികൾ (ജമ്മു കാശ്മീർ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളവരൊഴികെ) തങ്ങളുടെ ആധാർ കാർഡ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് രേഖകൾ പിന്നാലെ അപ്‌ലോഡ് ചെയ്താലും മതി.
- ഓരോ ക്വാളിഫിക്കേഷൻ പാക്കിനും അനുസൃതമായി എസ് എസ് സികൾ (SSCs) തയ്യാറാക്കിയതും ദേശീയ നൈപുണ്യ വികസന കോർപറേഷൻ (NSDC) അംഗീകരിച്ചിട്ടുള്ളതുമായ മാതൃകാ പാഠ്യപദ്ധതി (Curriculum) ഉപയോഗിക്കാം.

കോഴ്സുകളുടെ കാലാവധി ദേശീയ നൈപുണ്യ യോഗ്യതാ കമ്മിറ്റി (National Skills Qualifications Committee) അംഗീകരിച്ച യോഗ്യതാ ഫയലിന് (Qualification File) വിധേയമായി നിശ്ചയിക്കാം.

- കുറഞ്ഞത് 70% ഹാജർ ഉണ്ടെങ്കിൽ മാത്രമെ നൈപുണ്യ നിർണയത്തിൽ (Skills Assessment) പങ്കെടുക്കാൻ യോഗ്യത ലഭിക്കൂ.
- അംഗീകൃത മാതൃകാപാഠ്യപദ്ധതി പ്രകാരം പരിശീലനത്തൊടൊപ്പം പരിശീലനാർത്ഥികൾ സംരഭകത്വ, സാമ്പത്തിക, ഡിജിറ്റൽ സാക്ഷരതാ മോഡ്യൂളുകളും പഠിക്കേണ്ടതാണ്.
- പരിശീലനാർത്ഥികളുടെയും പരിശീലകരുടെയും ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെട്രിക് സംവിധാനം നിർബന്ധമാണ്.
- Training of Trainers അഥവാ ടി ഒ ടി എന്ന പ്രോഗ്രാം പൂർത്തിയാക്കിയ SSC അംഗീകൃത പരിശീലകരാണ് എല്ലാ പരിശീലനങ്ങളും നൽകേണ്ടത്. എല്ലാ പരിശീലനാർത്ഥികൾക്കും ഇൻഡക്ഷൻ കിറ്റിനോടൊപ്പം കോഴ്സ് പാഠ്യപദ്ധതി പുസ്തകവും നൽകേണ്ടതാണ്.
- പരിശീലനാർത്ഥികളുടെയും പരിശീലകരുടെയും ഹാജർ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ആധാർ-അധിഷ്ഠിത ബയോമെട്രിക് സംവിധാനം PMKVY കേന്ദ്രങ്ങൾക്ക് നിർബന്ധമാണ്.

**നിരീക്ഷണം (Monitoring)**

PMKVY പരിശീലനകേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ദേശീയ നൈപുണ്യ വികസന കോർപറേഷനും അനുബന്ധ ഏജൻസികളും പല മാർഗങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. സ്വയം വിലയിരുത്തൽ റിപ്പോർട്ട് (self-audit), ഫോൺ ചെയ്തുള്ള പരിശോധനകൾ (call validations), മിന്നൽ പരിശോധനകൾ, സ്കിൽസ് ഡെവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റം (SDMS) വഴിയുള്ള നിരീക്ഷണം എന്നിവയുൾപ്പെട്ട പ്രസ്തുത മാർഗങ്ങളിലൂടെ സംസ്ഥാന നൈപുണ്യ വികസന മിഷൻ പരിശീലന കേന്ദ്രങ്ങളെ നിരീക്ഷിക്കുന്നതാണ്.

<u>MIS മുഖേനയുള്ള നിരീക്ഷണവും വിലയിരുത്തലും</u>

പി.എം.കെ.വി.വൈ. 2.0ന്റെ ഭാഗമായി എസ്.എസ്.ഡി.എം. നടത്തുന്ന നിരീക്ഷണത്തിന്റെയും സാമ്പത്തിക നിർവഹണത്തിന്റെയും പ്രധാന ഉദ്ദേശ്യങ്ങൾ ഇനിപ്പറയുന്നു:

- PMKVY 2.0 വിഭാവനംചെയ്യുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി പങ്കാളികൾ, പ്രത്യേകിച്ച് പരിശീലന കേന്ദ്രങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളും അനുവർത്തനവും ഒരു ഐ.ടി. അധിഷ്ഠിത സംവിധാനത്തിലൂടെ വിലയിരുത്തുക

- പരിശീലനദാതാക്കൾക്കുള്ള ധനവിതരണ സംവിധാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കൽ. PMKVY 2.0-ന്റെ സുഗമമായ നടത്തിപ്പിലേക്ക് ധനവിനിയോഗം കാര്യമക്ഷമമായി നിയന്ത്രിക്കേണ്ടത് സംസ്ഥാന സർക്കാരാണ്.
- പ്രധാനപ്പെട്ട നടപടിക്രമങ്ങളെ നിരീക്ഷിച്ച് പദ്ധതിയുടെ സമഗ്രമായ വിജയത്തിന് ആവശ്യമായ തിരുത്തലുകൾ വരുത്തുക.
- ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഭാവിപദ്ധതി രൂപീകരിക്കുക.

PMKVY 2.0 മാർഗനിർദ്ദേശങ്ങൾ അനുശാസിക്കും പ്രകാരം പരിശീലനവിവരങ്ങൾ ഓരോ പരിശീലനദാതാവും സ്കിൽ ഡെവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലും (Skill Development Management System) സ്മാർട്ട് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലും (SMART MIS) സമർപ്പിക്കേണ്ടതാണ്.

അടിസ്ഥാനതലത്തിൽ നടക്കുന്ന PMKVY പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയ്ക്ക് കേസ് (KASE) ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതാണ്.

**വിലയിരുത്തലും സർട്ടിഫിക്കേഷനും**

SSC-കളോ നാഷണൽ സ്കിൽ സർട്ടിഫികേഷൻ ബോർഡോ ആണ് അസസ്മെന്റ് ഏജൻസികളുടെ പട്ടിക തയ്യാറാക്കുക. വിലയിരുത്തൽ എങ്ങനെ വേണമെന്നതു സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നത് എസ്.എസ്.സി. ആയിരിക്കും. വിലയിരുത്തൽ നടത്തുന്ന അസസ്സർമാർക്കെല്ലാം ആധാർ നമ്പർ നിർബന്ധമായും ഉണ്ടായിരിക്കണം. മാത്രമല്ല അസസ്മെന്റ് നടക്കുമ്പോൾ തിരിച്ചറിയൽ രേഖ (ആധാർ കാർഡും ഫോട്ടോ പതിച്ച മറ്റൊരു ഐഡി കാർഡും അഭികാമ്യം) ഹാജരാക്കുകയും വേണം. വിലയിരുത്തൽ പ്രക്രിയകളെ വീഡിയോയിൽ ചിത്രീകരിക്കുന്നതും ഉത്തമമാണ്. പി.എം.കെ.വി.വൈ. പ്രകാരം വിലയിരുത്തൽ നടത്താൻ വൈകിയാൽ ബന്ധപ്പെട്ട പരിശീലനദാതാവും എസ്.എസ്.സി.യും പിഴയായി ട്രെയിനിംഗ് തുകയുടെ/അസസ്മെന്റ് ഫീയുടെ (ബാധകമായത്) 1% വൈകുന്ന ഓരോ ദിവസവും ഒടുക്കേണ്ടതാണ്.

PMKVY 2016-2020 പ്രകാരമുള്ള വിലയിരുത്തൽ മാനദണ്ഡം (Assessment Criteria) ഇനിപറയും പ്രകാരമാണ്:

| ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് പ്രകാരമുള്ള ലെവൽ (NSQF Level) | അംഗീകാരം നേടാൻ വേണ്ട കുറഞ്ഞ ശതമാനം | |
|---|---|---|
| | സാങ്കേതിക വിഷയം (Technical QP) | ഇതര വിഷയം (Non-Technical QP) |
| 1, 2, 3 | 50% | 50% |
| 4നും അതിന് മുകളിലും | 70% | 70% |

മൂല്യനിർണയം വിജയകരമായി പിന്നിടുന്ന പരിശീലനാർത്ഥികൾക്കെല്ലാം ഗ്രേഡ് രേഖപ്പെടുത്തിയ സർട്ടിഫിക്കേറ്റ് അതത് SSCകൾ നൽകുന്നതാണ്.

സർട്ടിഫിക്കേറ്റ് കരസ്ഥമാക്കുന്ന പരിശീലനാർത്ഥികളെ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജയനയിൽ (PMSBY) ഉൾപ്പെടുത്തി ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതാണ്.

ഓരോ ബാച്ചിലും ഇത്തരത്തിൽ പേരുചേർക്കപ്പെടുന്ന പരിശീലനാർത്ഥികൾക്കാവശ്യമായ ഇൻഷുറൻസ് പ്രീമിയം പരിശീലനകേന്ദ്രമാണ് ഒടുക്കേണ്ടത്.

നടപടിക്രമങ്ങൾ സുതാര്യവും സുവ്യക്തവുമായിരിക്കണം എന്നതിനാൽ മൂല്യനിർണയ ഏജൻസികളും പരിശീലനദാതാക്കളും വ്യത്യസ്തങ്ങളായിരിക്കും. ഇവ പരസ്പരം കൂടിക്കലരാതെ നോക്കുന്നതാണ്.

**തൊഴിൽ മാർഗനിർദേശങ്ങൾ (Placement Guidelines)**

പദ്ധതിയിൻപ്രകാരം പരിശീലനം നേടി യോഗ്യരാവുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ പരിശ്രമങ്ങളും PMKVY പരിശീലനപങ്കാളികളിൽ നിന്ന് ഉണ്ടാകേണ്ടതാണ്. സംരഭകത്വവികസനത്തന് ആവശ്യമായ പിന്തുണയും പരിശീലനദാതാക്കൾ നൽകേണ്ടതുണ്ട്.

പരിശീലനദാതാക്കൾ ആറുമാസത്തിൽ ഒരിക്കൽ നിർബന്ധപൂർവം തൊഴിൽ മേള നടത്തേണ്ടതും തൽസംബന്ധമായി നല്ല പ്രചാരം മാധ്യമങ്ങളിലും മറ്റും സൃഷ്ടിക്കേണ്ടതുമാണ്. വിജയികളായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സന്നദ്ധമായിട്ടുള്ള നാല് കമ്പനികളെങ്കിലും പ്രസ്തുത തൊഴിൽ മേളയിൽ പങ്കെടുത്തിരിക്കണം.

**ധനവിതരണ സംവിധാനം**

നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട ധനവിനിയോഗത്തിൽ യാതൊരുവിധ മധ്യവർത്തി ഇടപെടലുകളും ഇല്ലാതെ തികച്ചും സുതാര്യമായ രീതിയാണ് പി.എം.കെ.വി.വൈ. അവലംബിക്കുക. പരിശീലനദാതാക്കൾക്ക് (Training Providers) അർഹമായ തുക നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു നൽകുകയാണ് പതിവ്.

നൈപുണ്യ പരിശീലനവും സർട്ടിഫിക്കേഷനും വിജയകരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ പണം പൊതു മാനദണ്ഡങ്ങൾക്ക് (Common Norms Document) അനുസൃതമായി പരിശീലനദാതാവിന് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

മൂല്യനിർണയത്തിന് ആവശ്യമായ തുക പൊതുമാനദണ്ഡങ്ങൾക്ക് (Common Norms Document) അനുസൃതമായി എസ്എസ്സികൾക്ക് (SSCs) നല്കുന്നു. എന്നാൽ പരിശീലനാർത്ഥികളുടെ ആധാർ കാർഡുകൾ പരിശോധിച്ച് ഉറപ്പാക്കിയ ശേഷം മാത്രമെ പരിശീലനദാതാക്കൾക്ക് പണം നൽകുകയുള്ളൂ. പരിശീലന കേന്ദ്രങ്ങളിൽ ബയോമെട്രിക് ഹാജർ രേഖകൾ നിർബന്ധമാണ്.

ചുവടെ പറയും പ്രകാരമാണ് ഓരോ പരിശീലനാർത്ഥിക്കും വേണ്ടിവരുന്ന ചെലവ് പരിശീലനദാതാക്കൾക്ക് നൽകുന്നത്:

| **ഗഡുക്കൾ** | **മൊത്തം ചെലവിന്റെ %** | **ഫലസിദ്ധിയുടെ അവസ്ഥ (Output Parameters)** |
|---|---|---|
| 1. | 30% | ആധാർ തിരിച്ചറിയൽ പൂർത്തിയാക്കിയ പരിശീലനാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ബാച്ച് തുടങ്ങുമ്പോൾ |
| 2. | 50% | പരിശീലനാർത്ഥികൾ മൂല്യനിർണയം വിജയകരമായി പൂർത്തിയാക്കുമ്പോൾ |
| 3. | 20% | തൊഴിൽ ലഭ്യതക്ക് അനുസൃതമായി |

**യോഗ്യരായ പരിശീലനപങ്കാളികൾ**

സ്വകാര്യ പരിശീലനപങ്കാളികളും, കോർപറേറ്റുകളും സർക്കാർ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങളും ഉൾപ്പെടെ എല്ലാ പരിശീലനകേന്ദ്രങ്ങളും മാർഗനിർദേശങ്ങൾ അനുശാസിക്കും പ്രകാരമുള്ള അംഗീകാര-അഫിലിയേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരിക്കേണ്ടതാണ്.

സ്കീം സംബന്ധിച്ച മാർഗനിർദേശങ്ങൾ ഏത് വേളയിലും മാറ്റാനുള്ള അവകാശം കേന്ദ്ര നൈപുണ്യ വികസന സംരഭകത്വ മന്ത്രാലയത്തിന് ഉണ്ടായിരിക്കും. മാറ്റങ്ങളെല്ലാം പി.എം.കെ.വി.വൈ.യുടെ www.pmkvyofficial.org എന്ന ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ടാവും. ബന്ധപ്പെട്ടവരെല്ലാം പ്രസ്തുത വെബ്സൈറ്റ് സ്ഥിരമായി പരിശോധിക്കേണ്ടതാണ്.

| ക്രമ നമ്പർ | രേഖകൾ | ഓൺലൈൻ ലിങ്ക് |
|---|---|---|
| 1 | PMKVY 2.0 മാർഗരേഖകൾ (2016–2020) | http://pmkvyofficial.org/App_Documents/News/PMKVY%20Guidelines%20(2016-2020).pdf |
| 2 | നൈപുണ്യ വ്യവസ്ഥയെ (Skill Ecosystem) സംബന്ധിച്ച മാർഗരേഖകൾ | http://pmkvyofficial.org/App_Documents/News/Guidelines%20for%20Skill%20Ecosystem.pdf |
| 3 | ഉപകരണങ്ങളുടെ വിവരം, പരിശീലകരുടെ യോഗ്യതകൾ – ജോലിക്ക് അനുസരിച്ച്, ലാബുകളുടെ വിസ്തൃതി – ജോലിക്ക് അനുസരിച്ച്, അക്രഡിറ്റേഷൻ ഗ്രേഡിംഗ് മെട്രിക്സ് – നൈപുണ്യ വ്യവസ്ഥ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ | http://smart.nsdcindia.org/knowledge_bank.aspx |
| 4 | ബ്രാൻഡിംഗ്, പ്രചാരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ | http://pmkvyofficial.org/App_Documents/News/PMKVY%20Branding%20and%20Communication%20Guidelines%2018th%20July%202016.pdf |
| 5 | 'ദിശ' മാർഗ്ഗരേഖകൾ (DISHA Guidelines) | http://rural.nic.in/netrural/rural/sites/downloads/Monitoring/Disha_Guidelines_English.PDF |
| 6 | ബോർഡിംഗ് സംബന്ധിച്ചുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് ഹാജർ സംവിധാനത്തിൽ പാലിക്കേണ്ട PMKVY 2.0 നടപടിക്രമം | http://skill.attendance.gov.in/assets/doc/PMKVY_AEBAS_Guidelines.pdf |
| 7 | ബോർഡിംഗ് സംബന്ധിച്ചുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് ഹാജരിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട (On Boarding Biometric Attendance Authentication System) PMKVY 2.0 നടപടിക്രമം | http://www.pmkvyofficial.org/App_Documents/News/Nodal%20Officer%20Manual_AEBAS_PMKVY2.pdf |
| 8 | സമൂഹമാധ്യമ മാർഗരേഖകൾ (Social Media Guidelines) | http://www.pmkvyofficial.org/App_Documents/News/SocialMedia_Guidelines.pdf |
| 9 | പൊതുമാനദണ്ഡ രേഖകൾ (Common Norms Document) | http://www.skilldevelopment.gov.in/assets/images/Notification/Common%20Norms%20Notification.pdf |
| 10 | പരിശീലനാർത്ഥികളുടെ കൈപുസ്തകം ലഭിക്കുന്നതിനുള്ള നടപടിക്രമം (Process to be followed for Procuring Trainee Handbooks) | http://pmkvyofficial.org/App_Documents/News/Process-to-be-followed-for-Trainee-Handbooks-02-01-2018.pdf |

മാർഗരേഖകൾ, തൊഴിൽ, അറിയിപ്പുകൾ തുടങ്ങി സംസ്ഥാനങ്ങൾക്കു ബാധകമായ PMKVY വിവരങ്ങളും രേഖകളുമെല്ലാം കേന്ദ്ര നൈപുണ്യവികസന, സംരഭകത്വ മന്ത്രാലയം (Ministry for Skills Development and Entrepreneurship - MSDE), ദേശീയ നൈപുണ്യ വികസന കോർപറേഷൻ (National Skills Development Corporation - NSDC) എന്നിവയുടെ വെബ്സൈറ്റുകളിൽ ലഭ്യമാണ്.